**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3007 — 22.06.2012 ൽ മറുപടിയ്ക്ക്

# സ്കൂളുകളിൽ കൃഷി ക്ലബ്ബ്

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഉല്പാദനക്ഷമതാ വർദ്ധനവ്, ഉപതൊഴിലുകൾ, മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവയിൽക്കൂടി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കൃഷിവകുപ്പ് ഇതിനകം ചെയ്തതും ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര രൂപയുടെ പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

(എ) & (ബി) ഉല്പാദന ക്ഷമതാ വർദ്ധനവിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളകളുടെ ശാസ്ത്രീയ പരിചരണം ലക്ഷ്യമാക്കി വിവിധ കാർഷിക വികസന പദ്ധതികൾ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടവയും നീക്കിവെച്ച തുകയും താഴെ ചേർക്കുന്നു.

| | |
|---|---|
| നെൽകൃഷി വികസനം | - 50 കോടി |
| നാളീകേര വികസനം | - 45 കോടി |
| സുഗന്ധ വ്യഞ്ജന കൃഷി | - 19 കോടി |
| കിഴങ്ങു വർഗ്ഗങ്ങൾ | - 1 കോടി |
| പയറു വർഗ്ഗങ്ങൾ | - 0.5 കോടി |
| പച്ചക്കറി കൃഷി | - 42.5 കോടി |

ഇതിനു പുറമെ കീടരോഗ ബാധ ഒഴിവാക്കുന്നതിനും നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള പദ്ധതികൾക്കായി 16 കോടി രൂപയും ഇൻഷ്വറൻസ് പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നടപടികൾ എന്നിവയ്ക്കായി 10.19 കോടി രൂപയും ചെലവഴിക്കുന്നതാണ്.

ആധുനിക കൃഷി രീതികളുടെ പ്രോത്സാഹനത്തിന് 12 കോടി രൂപയും ജൈവ കൃഷി പ്രോത്സാഹനത്തിന് 10 കോടി രൂപയും ചെലവഴിക്കുന്നതാണ്. മെച്ചപ്പെട്ട വിപണനത്തിന് സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകൾ ശക്തിപ്പെടുത്തുന്നതിനും വില നിയന്ത്രണത്തിനും കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ

വില ലഭിക്കുന്നതിനും വിപണി ഇടപെടലിനുമായി 30 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിന് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഇപ്രകാരം കാർഷികോത്പാദനം വർദ്ധിപ്പിക്കൽ, ഉപ തൊഴിലുകൾ, മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നീ പദ്ധതികൾക്കായി കൃഷി വകുപ്പ് കേന്ദ്ര സംസ്ഥാന പദ്ധതികളിലായി 2012-13 സാമ്പത്തിക വർഷത്തിൽ 709.39 കോടി രൂപ വിനിയോഗിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിലേക്കായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ